
VISWAS
VICTIMS INFORMATION, SENSITISATION,
WELFARE & ASSISTANCE SOCIETY
Reach Out
ANNIVERSARY
5th
Celebration
31-12-2017 to 07-01-2018




റോട്ടറി ഡിസ്ട്രിക്റ്റ് ഗവർണർ വിനോദ്കുട്ടിയിൽ നിന്ന് ഉച്ചഭാഷിണി വിശ്വാസിനുവേണ്ടി അസിസ്റ്റന്റ് കലക്ടർ ശ്രീധർ ചാമക്കുറി ഏറ്റുവാങ്ങുന്നു

# വിശ്വാസിന് റോട്ടറി ക്ലബ് ഉച്ചഭാഷിണി സംഭാവന ചെയ്തു

പാലക്കാട്: കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിന് വേണ്ടി പാലക്കാട് സിവിൽ സ്റ്റേഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന വിശ്വാസിന് പാലക്കാട് ഈസ്റ്റ് റോട്ടറി ക്ലബ് ഉച്ചഭാഷിണി സംഭാവന ചെയ്തു.

പോലീസ് ഉദ്യോഗസ്ഥർക്കും, ആരോഗ്യ, സാമൂഹ്യ നീതിജീവനക്കാർക്കും വേണ്ടിയുള്ള ക്രൈം കൗൺസിലിങ് തുടങ്ങിയ പരിശീലന പരിപാടികൾക്ക് വേണ്ടിയാണ് ഉച്ചഭാഷിണി നൽകിയത്. വിശ്വാസ് വൈസ് പ്രസിഡന്റ് വി പി കുര്യക്കോസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റോട്ടറി ഡിസ്ട്രിക്റ്റ് ഗവർണർ വിനോദ്കുട്ടിയിൽ നിന്ന് ഉച്ചഭാഷിണി വിശ്വാസിനുവേണ്ടി അസിസ്റ്റന്റ് കലക്ടർ ശ്രീധർ ചാമക്കുറി ഏറ്റുവാങ്ങി. ഈസ്റ്റ് റോട്ടറി ക്ലബ് പ്രസിഡന്റ് രാജേന്ദ്രൻ, അസിസ്റ്റന്റ് ഗവർണർ വി ബാലചന്ദ്രൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ ഡോ. ജോസ് പോൾ, അഡ്വ. എസ് ശാന്താദേവി, എം പി സുകുമാരൻ, കെ മുരളീധരൻ എന്നിവർ സംസാരിച്ചു. റോട്ടറി ക്ലബ് സെക്രട്ടറി അഡ്വ. ശശിധരൻ, വിശ്വാസ് സെക്രട്ടറി പി .പ്രേംനാഥ് നന്ദിയും പറഞ്ഞു. വിശ്വാസ് ഓഫീസിനുവേണ്ടി കസേരകളും റോട്ടറി ക്ലബ് ഓഫ് പാലക്കാട് ഈസ്റ്റാണ് സംഭാവന നൽകിയിട്ടുള്ളത്.

# വിശ്വാസ് വാർഷിക ആഘോഷം ഇന്നു മുതൽ

പാലക്കാട്● കുറ്റകൃത്യങ്ങൾക്കും അവകാശ നിഷേധങ്ങൾക്കും അധികാര ദുർവിനിയോഗത്തിനും ഇരകളാകുന്നവർക്കു സഹായം നൽകുന്ന കൂട്ടായ്മയായ വിശ്വാസിന്റെ അഞ്ചാം വാർഷിക ആഘോഷത്തിന് ഇന്ന് തുടക്കമാകും. സംസ്ഥാന നിയമ സഹായ അതോറിറ്റിയുടെ ജില്ലയിലെ ഏക അംഗീകൃത സംഘടനയാണു വിശ്വാസ്. വാർഷിക ആഘോഷങ്ങളുടെയും കോടതികളിലെ വിധിപകർപ്പുകളും കേസ് വിവരങ്ങളും സാധാരണക്കാർക്കു ലഭ്യമാക്കുന്ന 'ഇ നീതീകേന്ദ്ര'യുടെയും ഉദ്ഘാടനം രണ്ടിന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ മഹാരാഷ്ട്ര മുൻഗവർണർ കെ.ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്യും. ക്രൈം കൗൺസലിങ് ശിൽപശാല മുൻ ഡിജിപി ഡോ. പി.എം.നായർ നയിക്കും. മൂന്നിന് ചിറ്റൂർ ഗവ. വിക്ടോറിയ ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥിനികൾക്കായി സൈബർ സുരക്ഷാ സെമിനാർ സംഘടിപ്പിക്കും. പാലക്കാട് ചിന്മയമിഷൻ സ്കൂളിലെ വിദ്യാർഥികളുടെ വിശ്വാസ് വൊളന്റിയർ ഗ്രൂപ്പ് നാലിന് ഐജി എസ്.ശ്രീജിത് ഉദ്ഘാടനം ചെയ്യും. അഞ്ചിന് ഇന്റർ കോളജ് ഡിബേറ്റ് മത്സരം നടത്തും.

ആറിന് പാലക്കാട് നഗരസഭയിലെ കുടുംബശ്രീ അംഗങ്ങൾക്കുള്ള സെമിനാർ നഗരസഭാധ്യക്ഷ പ്രമീള ശശിധരൻ ഉദ്ഘാടനം ചെയ്യും. ഏഴിന് നിർഭയകേന്ദ്രത്തിലെ അന്തേവാസികളുടെ പരിപാടിയും കുടുംബ സംഗമവും ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ ഉദ്ഘാടനം ചെയ്യുമെന്നു സെക്രട്ടറി പി.പ്രേംനാഥ്, കെ.മുരളീധരൻ, പി.ജയരാജൻ എന്നിവർ പറഞ്ഞു. വാർഷികത്തിന്റെ ലോഗോ പ്രകാശനം മന്ത്രി എ.കെ.ബാലൻ നിർവഹിച്ചു.